

# പിക്താളിന്റെ മനസ്സുമാറ്റിയ ചെറുപ്പക്കാരൻ

**ശൈഖ് മുഹമ്മദ് കാരകുന്ന്**

"എന്താണ് നിങ്ങൾക്കിടയിലെ പ്രശ്നം? എന്തിനാണ് അദ്ദേഹം താങ്കളെ ശകാരിച്ചതും പ്രഹരിച്ചതും?'' മാർമഡ്യൂക് പിക്താൾ ചെറുപ്പക്കാരനെ വിളിച്ചുവരുത്തി ചോദിച്ചു. തന്നെ അത്ഭുതപ്പെടുത്തിയ സംഭവത്തിന്റെ വിശദീകരണം തേടുകയായിരുന്നു അദ്ദേഹം.

മാർമഡ്യൂക് പിക്താൾ ലോകപ്രശസ്ത എഴുത്തുകാരനാണ്. ബ്രിട്ടനിലെ സഫോൾക്കാണ് ജന്മനാട്. പിതാവ് ക്രൈസ്തവ പാതിരി റവേർഡ് ചാൾസ് ഗ്രേസൺ പിക്താളാണ്. മാതാവ് മേരി ഒബ്രിയനും. 1875 ഏപ്രിൽ ഏഴിനായിരുന്നു ജനനം. മധ്യവർഗ ഇംഗ്ലീഷ് കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്.

അഞ്ചാം വയസ്സിൽ പിതാവ് മരണമടഞ്ഞു. അതോടെ താമസം ലണ്ടൻ നഗരത്തിലേക്കു മാറ്റി. ഡി.എച്ച്. ലോറൻസ്, എച്ച്. ജി. വെൽസ്, ഇ.എം ഫോസ്റ്റർ പോലുള്ളവരുടെ ആദരവ് നേടിയ നോവലിസ്റ്റായിരുന്നു പിക്താൾ.

ബ്രിട്ടീഷ് ഭരണകൂടത്തിന്റെ ജീവനക്കാരനായി മദ്ധ്യപൗരസ്ത്യ ദേശത്ത് താമസിക്കുകയായിരുന്ന അദ്ദേഹം ഒരു ദിവസം തന്റെ വീടിന്റെ മുമ്പിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ചെറുപ്പക്കാരൻ തൊട്ടടുത്ത വീട്ടിലേക്ക് കയറി വന്നു. ആ വീട്ടിലെ വൃദ്ധനും യുവാവും എന്തോ സംസാരിക്കാൻ തുടങ്ങി. ഒട്ടും താമസിയാതെ ആ വീട്ടുകാരൻ ചെറുപ്പക്കാരനെ രൂക്ഷമായി ആക്ഷേപിക്കാനും ശകാരിക്കാനും പ്രഹരിക്കാനും തുടങ്ങി. എന്നിട്ടും ആ യുവാവ് മറുത്ത് പറയുകയോ തിരിച്ചടിക്കുകയോ ചെയ്തില്ല. ഇതുകണ്ട് അത്ഭുതസ്തബ്ധനായ പിക്താൾ കാരണം തിരക്കി.

"ഞാൻ അദ്ദേഹത്തോട് അൽപം പണം കടം വാങ്ങിയിരുന്നു. നിശ്ചിതസമയത്ത് തിരിച്ചു നൽകാൻ കഴിഞ്ഞില്ല. അതിനാലാണ് അദ്ദേഹം എന്നെ ശകാരിച്ചതും

എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുള്ള ആദ്യ സംസ്ഥാനം– മഹാരാഷ്ട്ര

ശ്യമില്ലല്ലോ. പിന്നീട് തന്നുകൊള്ളാമെന്നു പറഞ്ഞാൽ മതിയായിരുന്നില്ലേ? അയാളുടെ അടിക്ക് എന്തിന് നിന്നു കൊടുക്കണം, തിരിച്ചും ഒന്ന് കൊടുത്തുകൂടായിരുന്നോ?''

''കടം വാങ്ങിയാൽ നിശ്ചിത അവധിക്ക് തിരിച്ചുകൊടുക്കണം. വാക്ക് ലംഘിക്കാൻ പാടില്ലെന്ന് എന്റെ പ്രവാചകൻ മുഹമ്മദ് പറഞ്ഞിട്ടുണ്ട്. വാഗ്ദത്ത ലംഘനത്തിന്റെ പേരിൽ ഇപ്പോൾ തന്നെ ഞാൻ കുറ്റക്കാരനാണ്. ഇനി എന്നെക്കാൾ പ്രായമുള്ള ആ വൃദ്ധനെ ഞാൻ അടിച്ചാൽ ഇരട്ടി കുറ്റക്കാരനാകും. അവ്വിധം പാപിയാകാൻ എനിക്കു സാധ്യമല്ല.''

ആ ചെറുപ്പക്കാരന്റെ ഈ മറുപടി പിക്താളിന്റെ വിസ്മയം പതിന്മടങ്ങ് വർദ്ധിപ്പിച്ചു. നൂറ്റാണ്ടുകൾക്കു മുമ്പ് ജീവിച്ച നിരക്ഷരനായ മുഹമ്മദിന്റെ വാക്കുകൾ ഒരു ചെറുപ്പക്കാരനെ ഇത്രയേറെ വിനീതനും മര്യാദക്കാരനും സൽസ്വഭാവിയുമാക്കുകയോ!

അതോടെ പിക്താൾ പ്രവാചകനെപ്പറ്റി പഠിക്കാൻ തുടങ്ങി. മുഹമ്മദ് നബിയിൽ അത്യധികം ആകൃഷ്ടനായ പിക്താളിന്റെ പഠനം ഖുർആനിലേക്ക് നീണ്ടു. അതാണ് അദ്ദേഹത്തെ ഇസ്‌ലാം സ്വീകരണത്തിലാണ് എത്തിച്ചത്.

1917 നവംബർ 27-ന് ലണ്ടനിലെ നോട്ടിംഗ് ഹില്ലിൽ വെച്ച് മുസ്‌ലിം ലിറ്ററി സൊസൈറ്റി സംഘടിപ്പിച്ച പരിപാടിയിൽ 'ഇസ്‌ലാമും പുരോഗതിയും' എന്ന വിഷയത്തെ സംബന്ധിച്ച പ്രഭാഷണത്തിനൊടുവിൽ നാടകീയമായി തന്റെ ഇസ്‌ലാം സ്വീകരണം പ്രഖ്യാപിച്ചു. മുഹമ്മദ് എന്ന പേര് സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ഖുർആൻ ആഴത്തിൽ പഠിച്ച പിക്താൾ ഇംഗ്ലീഷ് ഭാഷയിൽ വിശുദ്ധഖുർആന്റെ പരിഭാഷ തയ്യാറാക്കി.

അങ്ങനെ ഖുർആന്റെ ആദ്യത്തെ ഇംഗ്ലീഷ് പരിഭാഷകനായി അദ്ദേഹം മാറി. ഇന്നോളം രചിക്കപ്പെട്ട ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷകളിൽ ഏറ്റവും കാവ്യാത്മകം മുഹമ്മദ് മാർമഡ്യൂക് പിക്താളിന്റേതു തന്നെ.

ഇസ്‌ലാം സ്വീകരണത്തിനു മുമ്പുതന്നെ പിക്താൾ ഇസ്‌ലാമിനെ സംബന്ധിച്ച നോവലുകളും ലേഖനങ്ങളും എഴുതിയിരുന്നു.

പിക്താൾ 1894- 96 കാലത്ത് ഫലസ്തീൻ, സിറിയ, ലബനാൻ എന്നീ നാടുകളിൽ താമസിച്ചു. പിന്നീട് തുർക്കിയും ബാൾക്കൻ പ്രദേശങ്ങളും സന്ദർശിച്ചു.

1920-ൽ ഇന്ത്യയിലെത്തിയ മുഹമ്മദ് മർമഡ്യൂക് പിക്താൾ പതിനഞ്ചു വർഷം ഹൈദരാബാദിൽ പത്രപ്രവർത്തകനായും മുസ്‌ലിം സ്കൂൾ പ്രിൻസിപ്പലായും ജോലിനോക്കി. ഹൈദരബാദ് നൈസാമിന്റെ ഉപദേഷ്ടാവായി സേവനമനുഷ്ഠിച്ച് അദ്ദേഹം അവിടെ നിന്ന് പുറത്തിറങ്ങിയ 'ഇസ്‌ലാമിക് കൾച്ചറി'ന്റെ പത്രാധിപരായും പ്രവർത്തിച്ചിട്ടുണ്ട്.

1926 മെയ് 15-16 തിയ്യതികളിൽ തലശ്ശേരിയിൽ ചേർന്ന കേരള മുസ്‌ലിം ഐക്യസംഘത്തിൽ സംബന്ധിച്ച് പ്രൗഢമായ പ്രഭാഷണം നടത്തിയ മുഹമ്മദ് മാർമഡ്യൂക് പിക്താൾ ഖിലാഫത്ത് സമരത്തിൽ പങ്കാളിയായ ഏക പാശ്ചാത്യൻ പണ്ഡിതനാണ്.

1935-ൽ ലണ്ടനിലേക്ക് മടങ്ങിയ അദ്ദേഹം 1936 മെയ് 19-ന് ഇഹലോകവാസം വെടിഞ്ഞു. ബ്രൂക്ക് വുഡിലെ ഖബ്റിസ്ഥാനിലാണ് ആ മഹാത്മാവിനെ മറവ് ചെയ്തത്.


**മലർവാടി**
Silver Hills,Kozhikode
Pin: 673012, Ph: 0495 2732 555
Email: malarvadicrc@gmail.com

**വരിസംഖ്യ**

| | |
|---|---|
| 1 വർഷം | 350 |
| 2 വർഷം | 700 |

Federal Bank
Nadakavu Branch
Current A/C No. 13000200015001
IFSC Code: FDRL0001300

ബാങ്കിൽ പണമടക്കുന്നവർ ഏജൻസി നമ്പറും പേരും, ഹൽഖയാണെങ്കിൽ ഹൽഖയുടെ കോഡും പേരും, തപാൽ വരിക്കാരനാണെങ്കിൽ വരിനമ്പറും പേരും എഴുതേണ്ടതാണ്.


കമ്പ്യൂട്ടർ മൗസ് കണ്ടുപിടിച്ചത്- ഡഗ്ലസ് എംഗൽബർട്ട്